# 'ജനത'യുടെ അനുഭവത്തിൽ ആം ആദ്മിയെ കാണുമ്പോൾ

**വിജയരാഘവൻ ചേലിയ**
(സാമൂഹ്യപ്രവർത്തകൻ, സോഷ്യലിസ്റ്റ്)

"തിരകളെന്നെ വിളിക്കുന്നു ശാന്തനായ്
നോക്കിനിൽക്കുവതെങ്ങനെ തീരത്ത്
തിരകളെന്നെ വിളിക്കുന്നു"....

എഴുപതുകൾ വിളിച്ചപ്പോൾ രാഷ്ട്രീയസന്യാസം വെടിഞ്ഞ് സമ്പൂർണ്ണവിപ്ലവത്തിന്റെ കാഹളം മുഴക്കി മുഖ്യധാരയിലേക്കു തിരിച്ചുവന്ന സാഹചര്യത്തെ ജയപ്രകാശ് നാരായണൻ വിശേഷിപ്പിച്ചത് ഇങ്ങനെയാണ്. ദില്ലിയിലെ ആം ആദ്മിയുടെ മുന്നേറ്റം ജെ.പി.മൂവ്മെന്റിനെ ഓർമ്മിപ്പിക്കുന്നു. രണ്ടും അഴിമതിക്കും സ്വജനപക്ഷപാതത്തിനുമെതിരെയാണ് ആരംഭിച്ചത്. കെട്ടിനിർത്തിയ ഒരു നദി അണപൊട്ടിച്ചൊഴുകുംപോലെയായിരുന്നു 'ജനതാമുന്നേറ്റം'. സോഷ്യലിസ്റ്റുകൾ മുതൽ ഹിന്ദുത്വവാദികൾ വരെ ആ ഒഴുക്കിൽപെട്ടു. അന്നുവരെ കണ്ടുപരിചയിച്ച വ്യവസ്ഥാപിത രാഷ്ട്രീയപാർട്ടികളിൽ നിന്നും വ്യത്യസ്തമായിരുന്നു ജനതാപാർട്ടി. അടിയന്തിരാവസ്ഥയുടെ കയ്പ് അവരെ ഒരുമിപ്പിച്ചു. പൗരാവകാശ പുനഃസ്ഥാപനമായിരുന്നു മുഖ്യലക്ഷ്യം. എന്നാൽ ഒരു രാഷ്ട്രീയപാർട്ടിയെന്ന നിലയിൽ പൗരാവകാശമെന്ന പ്രശ്നത്തെ മാത്രം അഭിമുഖീകരിച്ചാൽ പോരല്ലോ. അതിനാൽ ഒരു നയരൂപീകരണ സമിതി രൂപീകൃതമായി. സോഷ്യലിസ്റ്റ് ചിന്തകനായ മധുലിമായയായിരുന്നു നേതൃത്വം. സമിതിയിലെ ഭൂരിപക്ഷവും സോഷ്യലിസ്റ്റുകൾ തന്നെ. ഗാന്ധി- ലോഹ്യ-അംബേദ്കർ ചിന്തകളുടെ സ്വാധീനം നയപ്രഖ്യാപനത്തിലുണ്ടാകാൻ അത് കാരണമായി. സോഷ്യലിസ്റ്റുകളെ കൂടാതെ ജനതയുടെ ഭാഗമായി മാറിയ സംഘടനാകോൺഗ്രസ്സ്, ഭാരതീയലോക്ദൾ, ജനസംഘം തുടങ്ങിയ പാർട്ടികൾ എക്കാലവും എതിർത്തുപോന്ന ആശയങ്ങളെ നയമായി എഴുതിചേർത്തിട്ടും പരസ്യമായി ആരും ചോദ്യം ചെയ്തില്ല. എന്നാൽ രഹസ്യമായി തങ്ങളുടെ സ്വത്വത്തെ നിലനിർത്താൻ ഇവർ ശ്രമിക്കുകയും ചെയ്തു. പ്രധാനമായും ജനസംഘക്കാർ, അവർ സംഘപരിവാറിനെ സമാന്തരമായി വളർത്തി.

ജാതി, ഭാഷ, സാങ്കേതികവിദ്യ, വികസന വഴികൾ, അധികാരത്തിന്റെ ഘടന, വിദേശനയം, കൃഷി തുടങ്ങിയ വിഷയങ്ങളിൽ വിപ്ലവകരമായ ചിന്തകളെ ഉൾക്കൊള്ളുന്നതായിരുന്നു നയരേഖ. സോഷ്യലിസ്റ്റുകളെ സംബന്ധിച്ച് തങ്ങളുടെ പ്രത്യയശാസ്ത്രത്തെ ഒളിച്ചുകടത്താൻ കഴിഞ്ഞുവെന്നൊ ഒരഹങ്കാരം തന്നെയുണ്ടായി. എന്നാൽ പൊതുവെ 'വലതുപക്ഷാഭിമുഖ്യം' പുലർത്തിയിരുന്ന സംഘടനാകോൺഗ്രസ്സും, ഭാരതീയലോക്ദളും, ജനസംഘവും പരസ്യമായി വിയോജിച്ചില്ലെങ്കിലും ആശയങ്ങളെ പിൻതുടർന്നില്ല. ഹിന്ദുദേശീയതയിലധിഷ്ഠിതമായ 'ഏകാത്മക മാനവവാദം' ആയിരുന്നു ജനസംഘത്തിന്റെ രാഷ്ട്രീയതത്ത്വചിന്ത. സംഘടനാകോൺഗ്രസ്സുകാരാകട്ടെ കൂടുതലും നെഹ്റുപക്ഷവാദികളും. ഗാന്ധി, ലോഹ്യ, അംബേദ്കർ ചിന്തകളുമായുള്ള ഈ വൈരുദ്ധ്യം മറികടക്കാൻ സംഘപരിവാർ എന്ന സമാന്തരസംവിധാനത്തെ ഹിന്ദുത്വവാദികൾ ആശ്രയിച്ചു. സംഘടനാകോൺഗ്രസ്സുകാരും, ലോക്ദളും പ്രഖ്യാപിത നയപരിപാടികൾ നടപ്പിലാക്കാൻ യാതൊരു ശുഷ്കാന്തിയും കാണിച്ചില്ലെന്നു മാത്രമല്ല നിലവിലുണ്ടായിരുന്ന വ്യവസ്ഥിതിയെ തകരാതെ സൂക്ഷിക്കാൻ ശ്രമിക്കുകയും ചെയ്തു. സ്വന്തം ആശയങ്ങൾ ഭരണഘടനയിലും, നയപ്രഖ്യാപനത്തിലും, പ്രകടനപത്രികയിലും അച്ചടിച്ചുവന്നതിൽ പിന്നെ കാര്യങ്ങൾ വരുതിയിലായെന്ന മൂഢവിശ്വാസത്തിലായിരുന്ന സോഷ്യലിസ്റ്റുകൾ ക്രമേണ യാഥാർത്ഥ്യങ്ങൾ തിരിച്ചറിയുകയും 'ദ്വയാംഗത്വ' വിവാദം ഉയർത്തിക്കൊണ്ടുവരികയും ചെയ്തു. ഒരേ സമയം ജനതാപാർട്ടിയിലും സംഘപരിവാറിലും പ്രവർത്തിക്കുന്നതിനെയാണ് ദ്വയാംഗത്വം എന്നതുകൊണ്ടുദ്ദേശിച്ചത്. ഇതോടെ ജനതാപ്രസ്ഥാനം ശിഥിലമാവാൻ തുടങ്ങി. ബീഹാറും, ഉത്തർപ്രദേശും അടക്കമുള്ള 'പശുമേഖല' യിലെ സവർണ്ണാധിപത്യത്തെ ചോദ്യം ചെയ്യാനുള്ള കരുത്ത് ദളിത്-പിന്നോക്കവിഭാഗങ്ങൾക്കു നേടിക്കൊടുത്തു എന്നതാണ് ജനതാപരീക്ഷണത്തിന്റെ വലിയനേട്ടം. മണ്ഡൽ കമ്മീഷനെ നിയമിച്ചത് ജനതാസർക്കാർ ആയിരുന്നു. അന്ന് ഇന്ത്യയിലെ ഏറ്റവും വലിയ രണ്ടുസം

സ്ഥാനങ്ങളിൽ ദളിത്-പിന്നോക്ക നേതാക്കൾ മുഖ്യമന്ത്രിമാരായി. ബീഹാറിൽ ദളിതനായ കർപ്പൂരി ഠാക്കൂറും, ഉത്തർപ്രദേശിൽ പിന്നോക്കസമുദായാഗംമായ രാംനരേശ് യാദവും. 1989ൽ വി.പി. സിംഗ് അധികാരത്തിൽ വരുന്നതും മണ്ഡൽകമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിലേക്കും കാര്യങ്ങൾ എത്തിയത് പിന്നീടുള്ള ചരിത്രം.



അടിയന്തിരാവസ്ഥാ കാലത്ത് ജയപ്രകാശ് നാരായണന്റെ നേതൃത്വത്തിൽ നടന്ന പാർലമെന്റ് മാർച്ച്

ജാതി, ഭാഷ, ലിംഗസമത്വം, പരിസ്ഥിതി, വികസനം, അധികാര–ഉത്പാനവികേന്ദ്രീകരണം, കൃഷി, വിദേശനയം, വിദ്യാഭ്യാസം തുടങ്ങിയ വിഷയങ്ങളിലെ സോഷ്യലിസ്റ്റുകളുടെ കടുത്ത അഭിപ്രായങ്ങളെ ആം ആദ്മിയുടെ പ്രധാന നിയോജകമണ്ഡലമായ മധ്യവർഗ്ഗത്തിന് സ്വീകാര്യമാക്കാൻ കഴിയുമോ എന്നതാണ് വലിയ വെല്ലുവിളി.

'ജനതാ' പരീക്ഷണം അധികം നീണ്ടുനിന്നില്ല. ജാതിനിബന്ധമായ ഇന്ത്യയുടെ സാമൂഹ്യക്രമത്തെ പിടിച്ചുലയ്ക്കാൻ കഴിഞ്ഞെങ്കിലും അതിനനുസൃതമായി സാമ്പത്തിക ക്രമങ്ങളിൽ മാറ്റങ്ങൾ വരുത്താൻ സാധിച്ചതുമില്ല. സാമ്രാജ്യത്ത വികസനനയവും ജാതിവിരുദ്ധസമരവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് സോഷ്യലിസ്റ്റുകൾ, മുഖ്യമായും ഡോ. ലോഹ്യ മുന്നോട്ടുവെച്ച രാഷ്ട്രീയം മനസ്സിലാക്കപ്പെടുകപോലും ചെയ്തില്ല. മണ്ഡൽ റിപ്പോർട്ട് കേവലം ജാതിസംവരണവിഷയമായി ഒതുങ്ങി. നെഹ്റുവിന്റെ കാഴ്ചപ്പാടും, അംബേദ്കറിന്റെ സാമൂഹ്യസങ്കൽപ്പവും ഇഴചേർത്ത പൊള്ളയായ വികസനരാഷ്ട്രീയം സാർവ്വത്രികമായി. ഈ ജീർണ്ണത പാർശ്വവൽക്കരിക്കപ്പെട്ട ജനങ്ങളെ നിരാശ്രയരാക്കുകയും മദ്ധ്യവർഗ്ഗത്തെ നിരാശരാക്കുകയും ചെയ്തു.

അഴിമതിക്കും ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വത്തിനുമെതിരെ മധ്യവർഗ്ഗത്തിനുള്ളിൽ പുകയുന്ന രോഷത്തിൽ നിന്നാണ് ആം ആദ്മി പാർട്ടിയുടെ പിറവി. ജെ.പിയുടെ സ്ഥാനത്ത് അണ്ണാ ഹസാരയേയും, മൊറാർജി ദേശായിയുടെ സ്ഥാനത്ത് കെജ്രിവാളിനേയും, മധുലിമായയുടെ സ്ഥാനത്ത് യോഗേന്ദ്ര യാദവിനേയും താരതമ്യം ചെയ്യുന്നത് അതിഭാവുകത്വമായിരിക്കാം. ജെ.പി ഒരു വിപ്ലവം ആഗ്രഹിച്ചിരുന്നു, ഹസാരെ ഘടനാപരമായ ചില മാറ്റങ്ങളെ ആവശ്യപ്പെടുന്നുള്ളൂ. ജെ.പിയിൽ നിന്നും പിറകോട്ടാണ് മൊറാർജി നടന്നത്. കെജ്രിവാൾ ഹസാരെയെക്കാൾ മുന്നോട്ട്പോകാൻ ശ്രമിക്കുന്നു. മധുലിമായക്ക് ചെറുതെങ്കിലും പ്രതിബന്ധമായ ഒരു സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിന്റെ പിൻതുണയുണ്ടായിരുന്നു. യോഗേന്ദ്ര യാദവിന് ചുരുക്കം ചില സഖാക്കളുടെ പിന്തുണയേയുള്ളൂ. താരതമ്യേന മെച്ചപ്പെട്ടതും അനുകൂലവുമായ സാഹചര്യങ്ങൾ ഉണ്ടായിട്ടും അതിജീവിക്കാൻ കഴിയാതിരുന്ന 'ജനത' യുടെ അനുഭവത്തിന്റെ വെളിച്ചത്തിലാണ് ആം ആദ്മിയുടെ ജാതകം പലരുമെഴുതുന്നത്. ഒരു പക്ഷെ തങ്ങളുടെ പരിമിതികളെക്കുറിച്ച് ചരിത്രപശ്ചാത്തലത്തിൽ മനസ്സിലാക്കാൻ എളുപ്പമുള്ളതുകൊണ്ട് ആപ് അതിജീവിച്ചേക്കാം.

ആം ആദ്മി പാർട്ടി നേരിടുന്ന ഏറ്റവും വലിയ വിമർശനം അത് അരാഷ്ട്രീയമായ ഒരു ആൾക്കൂട്ടമാണെന്നതാണ്. യോഗേന്ദ്രയാദവിനെ കൂടാതെ, പ്രൊഫ. അജിത് ഝാ, പ്രൊഫ. അനന്തകുമാർ, രാകേഷ് സിൻഹ, ഗോപാൽറായ്, പ്രൊഫ. സുഭാഷ് വാരെ, ക്രിസ്റ്റീന സാമി തുടങ്ങിയ അറിയപ്പെടുന്ന എഴുത്തുകാരും, ചിന്തകരും ആക്ടിവിസ്റ്റുകളുമായ സോഷ്യലിസ്റ്റുകാരാണ് ആം ആദ്മി പാർട്ടിയുടെ രാഷ്ട്രീയകാര്യസമിതിയിലും, ദേശീയ നിർവ്വാഹക സമിതിയിലും

മുഖ്യപങ്കുവഹിക്കുന്നത്. അതിനാൽ രാഷ്ട്രീയധാരണയില്ലാത്ത നേതൃത്വമെന്നാരോപണത്തിൽ കഴമ്പില്ല. ജാതി, ഭാഷ, ലിംഗസമത്വം, പരിസ്ഥിതി, വികസനം, അധികാര-ഉദ്പാന വികേന്ദ്രീകരണം, കൃഷി, വിദേശനയം, വിദ്യാഭ്യാസം തുടങ്ങിയ വിഷയങ്ങളിലെ സോഷ്യലിസ്റ്റുകളുടെ കടുത്ത അഭിപ്രായങ്ങളെ ആം ആദ്മിയുടെ പ്രധാന നിയോജകമണ്ഡലമായ മധ്യവർഗ്ഗത്തിന് സ്വീകാര്യമാക്കാൻ കഴിയുമോ എന്നതാണ് വലിയ വെല്ലുവിളി. മേൽപറഞ്ഞ വിഷയങ്ങളെ അഭിമുഖീകരിക്കാതെ ഒരു രാഷ്ട്രീയപാർട്ടിക്ക് കേവലം ആദർശപ്രസംഗം കൊണ്ട് നിലനിൽക്കാൻ കഴിയുകയുമില്ല. മുമ്പ് മണ്ഡൽ റിപ്പോർട്ട് അംഗീകരിച്ചപ്പോൾ തെരുവിലിറങ്ങിയ ഒട്ടേറെ പേർ ഇന്ന് ആം ആദ്മിയിലുണ്ട്. അവരെ രാഷ്ട്രീയവൽക്കരിക്കുകയെന്നത് അത്ര എളുപ്പമല്ല.

ഒരു ഫാൻസ് അസോസിയേഷനിൽ അംഗമാകുന്ന ലാഘവത്തോടെ ആം ആദ്മിയിലേക്ക് ആളുകൾ ഓടിക്കൂടുമോ? എഴുത്തുകാർ മുതൽ ടെക്നോക്രാറ്റ്സ് വരെ. ഈയൊരു ഒഴുക്ക് രാഷ്ട്രീയമായ നിലപാടുകൾ എടുക്കാൻ തുടങ്ങുമ്പോൾ നിലയ്ക്കാനാണ് സാധ്യത. ഇത്തരം ആളുകൾ ആപ്പിന് തന്നെ 'ആപ്പ്' ആകാനും സാധ്യതയുണ്ട്. ആധുനിക നാഗരികതയുടെ മോഹവലയങ്ങളിൽ മയങ്ങുകയും എന്നാൽ സഹജീവികളുടെ ദുരിതങ്ങളിൽ ആകുലപ്പെടുകയും ചെയ്യുന്ന ദ്വിത്വമനസ്സുള്ള മധുവർഗ്ഗത്തെ രാഷ്ട്രീയവൽക്കരിക്കാനുള്ള ശേഷി ഇതുവരെ മറ്റ് രാഷ്ട്രീയ പ്രസ്ഥാനങ്ങളൊന്നും കൈവെച്ചിട്ടില്ല. അതിനു ആപ്പിന് അതുസാധിച്ചാൽ രാജ്യത്തിനു തന്നെ വലിയ മുതൽക്കൂട്ടാകും. ഇന്ത്യയുടെ രാഷ്ട്രീയ യാഥാർത്ഥ്യങ്ങളിലേക്ക് മധ്യവർഗ്ഗത്തിന്റെ ശ്രദ്ധയെ കൊണ്ടുവരിക എന്ന ദൗത്യമായിരിക്കും ആപ്പിന്റെ മുമ്പിലുള്ള ഏറ്റവും വലിയ വെല്ലുവിളി എന്നു ഞാൻ കരുതുന്നു. ■

# ഇടതുപക്ഷം ചിലത് ചിന്തിക്കേണ്ടതുണ്ട്

**പ്രവീൺ**

(ആൾ ഇന്ത്യ സ്റ്റുഡന്റ്സ് അസോസിയേഷൻ – ഐസ, ജെ.എൻ.യു, ഡൽഹി)

**ഡൽഹി** തെരഞ്ഞെടുപ്പ് ഫലം കാണിക്കുന്നത് ഫലത്തിൽ മൂന്ന് കാര്യങ്ങളാണ്. ഒന്ന്, ഇന്ത്യയുടെ രാഷ്ട്രീയ ഭൂപടം എന്നെന്നേക്കുമായി മാറ്റിവരക്കാൻ ആം ആദ്മിപാർട്ടി (ആപ്പ്)ക്ക് കഴിഞ്ഞു. രണ്ട്, മതം, ജാതി, വംശീയത തുടങ്ങിയ വികാരങ്ങളൊന്നുമില്ലാതെ തന്നെ ഒരു രാഷ്ട്രീയ പാർട്ടിക്ക് ഇന്ത്യൻ യാഥാർഥ്യങ്ങളിൽ തെരഞ്ഞെടുപ്പ് ജയിക്കാൻ കഴിഞ്ഞു. മൂന്ന്, പ്രസക്തി നഷ്ടപ്പെട്ട രാഷ്ട്രീയ പാർട്ടികൾക്ക് ബദലായി വരുന്ന പുതിയ രാഷ്ട്രീയ പരീക്ഷണങ്ങളെ ജനം സഹർഷം സ്വീകരിച്ചു. അതായത് ജനങ്ങളുടെ അവിശ്വാസം നേടുന്ന പാർട്ടികളെ, അവ പഴയതായാലും പുതിയതായാലും, തള്ളി പറയാൻ സാഹചര്യം അനുകൂലമാണെങ്കിൽ അവർ തള്ളിപ്പറഞ്ഞിരിക്കും എന്ന സ്ഥിതി സംജാതമായിരിക്കുന്നു. ഇടതുപക്ഷത്തിന്റെ പ്രസക്തിയും ഈ പശ്ചാത്തലത്തിൽ വിലയിരുത്തപ്പെടേണ്ടതുണ്ട്. ഇടതുപക്ഷത്തിന്റെ രാഷ്ട്രീയ പരാജയമായിട്ടല്ല; തെരഞ്ഞെടുപ്പ് പരാജയം മാത്രമായിട്ടാണ് ഡൽഹിയിലെ ഫലത്തെ കാണേണ്ടത്. തെരഞ്ഞെടുപ്പുകളിൽ പരാജയപ്പെടുന്നതിന് അനേകം കാരണങ്ങളുണ്ടാവും. അതിന്റെ അടിസ്ഥാനത്തിലല്ല ഒരു രാഷ്ട്രീയപാർട്ടിയുടെ പ്രസക്തി അന്വേഷിക്കേണ്ടത്. ശക്തമായ ഇടതുപക്ഷത്തിന്റെ അഭാവത്തിൽ ആപ്പ് തരംഗം ഉണ്ടാകുമായിരുന്നില്ല എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ജനാധിപത്യ സംവിധാനങ്ങളെ സ്വാർത്ഥതാത്പര്യങ്ങൾക്കായി ദുരുപയോഗം ചെയ്യുന്ന വലതുപക്ഷ പ്രവണതകളെ ദീർഘകാലമായി ചോദ്യം ചെയ്യുന്ന ഒരു ഇടതുപക്ഷധാര ഇവിടെയുണ്ടായിരുന്നു. ഈയൊരു തിരുത്തൽ ഘടകത്തിന് അസാമാന്യമായ കരുത്ത് പകരാൻ കഴിഞ്ഞു എന്നതാണ് ആപ്പിന് സഹായകമായത്.

ആൾക്കൂട്ടങ്ങളെ ആകർഷിക്കലും തെരഞ്ഞെടുപ്പുകളിലെ അപ്രതീക്ഷിത വിജയങ്ങളും ചിലപ്പോൾ കേവലം താൽക്കാലികമായ പ്രതിഭാസങ്ങൾ മാത്രമായിത്തീരാം. ഒരു രാഷ്ട്രീയ പ്രസ്ഥാനം കാലാതീതമായി പ്രസ